# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25.04.2025**

## പ്രധാനവാർത്തകൾ

1. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ, ഇന്ത്യയിലുള്ള പാകിസ്ഥാൻ പൗരന്മാരെ തിരിച്ചയയ്ക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാൻ സംസ്ഥാനങ്ങൾക്ക് നിർദേശം നൽകി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.
2. ജമ്മു കശ്മീരിലെ സുരക്ഷാ സാഹചര്യം വിലയിരുത്തുന്നതിനായി കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ഇന്ന് ശ്രീനഗർ സന്ദർശിച്ചു. നിയന്ത്രണ രേഖയിൽ വെടിനിർത്തൽ ലംഘനം തുടർന്ന് പാകിസ്ഥാൻ.
3. വഖഫ് നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ച് കേന്ദ്ര സർക്കാർ.
4. ഐ എസ് ആർ ഒ മുൻ ചെയർമാൻ കെ. കസ്തൂരിരംഗൻ അന്തരിച്ചു.
5. സംസ്ഥാനത്ത് ഐ ടി പാർക്കുകളിൽ മദ്യം വിളമ്പാൻ അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി.
6. ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും.

RNUTVPM

&&&&&&&&&&&&&&&&&&&

**കേന്ദ്ര നിർദേശം- അമിത്ഷാ**

പാകിസ്ഥാൻ പൗരൻമാർക്ക് അനുവദിച്ച വീസ ഇന്ത്യ അടിയന്തരമായി റദ്ദാക്കിയ സാഹചര്യത്തിൽ സംസ്ഥാനങ്ങളിലെ, പാക് സ്വദേശികളെ കണ്ടെത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ മുഖ്യമന്ത്രിമാർക്ക് നിർദേശം നൽകി. ഇവരെ പാകിസ്ഥാനിലേക്ക് തിരിച്ച് അയയ്ക്കാനുള്ള നടപടികൾ ഉറപ്പാക്കണമെന്നും ശ്രീ അമിത് ഷാ നിർദേശം നൽകി. പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിലാണ് ഇന്ത്യ പാക് പൗരന്മാർക്ക് വിസാ നിയന്ത്രണം ഏർപ്പെടുത്തിയത്. ഇന്ത്യാക്കാർ പാകിസ്ഥാനിലേക്കുള്ള യാത്ര ഒഴിവാക്കണമെന്നും, പാകിസ്ഥാനിലുള്ള ഇന്ത്യൻ പൗരൻമാർ എത്രയും വേഗം മടങ്ങിയെത്തണമെന്നും വിദേശകാര്യ മന്ത്രാലയം നിർദേശം നൽകിയിരുന്നു. ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ, 1960-ലെ സിന്ധു നദീജല കരാർ റദ്ദാക്കിയത് സംബന്ധിച്ച പ്രത്യേകയോഗവും ശ്രീ അമിത് ഷായുടെ വസതിയിൽ പുരോഗമിക്കുകയാണ്. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ, കേന്ദ്ര ജലശക്തി മന്ത്രി സി.ആർ. പാട്ടീൽ, വിവിധ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&

**കരസേന**

പഹൽഗാം ഭീകരാക്രമണത്തിൻറെ പശ്ചാത്തലത്തിൽ നിലവിലെ സുരക്ഷാ സാഹചര്യം വിലയിരുത്തുന്നതിനായി കരസേനാ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി ശ്രീനഗർ സന്ദർശിച്ചു. ഭീകരർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികളും, നിയന്ത്രണ രേഖയിലെ പാക് വെടിനിർത്തൽ കരാർ ലംഘനവും സംബന്ധിച്ച വിവരങ്ങൾ സൈനിക കമാൻഡർമാർ കരസേനാ മേധാവിയെ ധരിപ്പിച്ചു. ജമ്മു കശ്മീർ ലഫ്റ്റനൻറ് ഗവർണറുടെ അധ്യക്ഷതയിൽ ചേർന്ന സുരക്ഷാ അവലോകന യോഗത്തിലും കരസേനാ മേധാവി പങ്കെടുത്തു. ഭീകരാക്രമണത്തെ കുറിച്ച് നേരിട്ട് വിലയിരുത്തുന്നതിനായി അദ്ദേഹം സംഭവം നടന്ന പഹൽഗാം മേഖലയും സന്ദർശിച്ചു.

&&&&&&&&&&&&&&&&&&

RNUTVPM

**വെടിനിർത്തൽ**

വടക്കൻ കശ്മീരിലെ കുപ്വാര മേഖലയിൽ നിയന്ത്രണ രേഖയിലെ വിവിധ ഭാഗങ്ങളിൽ പാകിസ്ഥാൻ വെടി നിർത്തൽ കരാർ ലംഘിച്ചതായി റിപ്പോർട്ടുകൾ. രജൗരി, പൂഞ്ച് മേഖലകളിലും വെടിനിർത്തൽ ലംഘനം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രകോപനങ്ങൾക്ക് ഇന്ത്യൻ സേന ഉചിതമായ മറുപടി നൽകുന്നുണ്ട്. ബൈസരൺ മേഖലയിൽ കരസേനയും, പോലീസും, സിആർപിഎഫും ചേർന്ന് നടത്തുന്ന തിരച്ചിൽ നാലാം ദിവസവും തുടരുകയാണ്.

&&&&&&&&&&&&&&&&&&&

**രാമചന്ദ്രൻ-സംസ്കാരം**

പഹൽഗാമിൽ ഭീകരരുടെ വെടിയേറ്റു മരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ രാമചന്ദ്രൻറെ സംസ്കാര ചടങ്ങുകൾ ഇടപ്പള്ളി പൊതുശ്മശാനത്തിൽ പൂർണ്ണ ഔദ്യോഗിക ബഹുമതികളോടെ നടന്നു. കേരള ഗവർണർ രാജേന്ദ്ര അർലേക്കർ , ഗോവ ഗവർണർ പി എസ് ശ്രീധരൻ പിള്ള, കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി, മന്ത്രിമാരായ പി രാജീവ്, എ കെ ശശീന്ദ്രൻ തുടങ്ങിയ പ്രമുഖർ അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മനുഷ്യത്വത്തിൻ്റെ കശാപ്പാണ് പഹൽഗാമിൽ നടന്നതെന്ന് ഗവർണർ രാജേന്ദ്ര അർലേക്കർ പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&&

**വഖഫ്**

വഖഫ് നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ പ്രാഥമിക സത്യവാങ്മൂലം സമർപ്പിച്ചു. മുൻപുണ്ടായിരുന്ന നിയമം ദുരുപയോഗം ചെയ്ത് ഭൂമി കയ്യേറുന്നത് ഒഴിവാക്കാനും, വഖഫ് ബോർഡുകളുടെ പ്രവർത്തനത്തിൽ സുതാര്യത ഉറപ്പുവരുത്താനുമാണ് നിയമം ഭേദഗതി ചെയ്തതെന്ന് കേന്ദ്രം വ്യക്തമാക്കി. ഭരണഘടന ഉറപ്പുവരുത്തുന്ന അവകാശങ്ങളെ നിഷേധിക്കുന്ന വിധത്തിലുള്ളതല്ല നിയമ

ഭേദഗതി. പാർലമെൻറ് പാസാക്കിയ നിയമം ഭാഗികമായി സ്റ്റേ ചെയ്യാൻ കോടതിക്ക് അധികാരമില്ലെന്നും ന്യൂനപക്ഷകാര്യ മന്ത്രാലയം സമർപ്പിച്ച സത്യവാങ്മൂലത്തിൽ പറയുന്നു. അടുത്ത മാസം 5 ന് ചീഫ് ജസ്റ്റിസ് സഞ്ജീവ് ഖന്ന അധ്യക്ഷനായ ബഞ്ച് കേസിൽ വീണ്ടും വാദം കേൾക്കും. ഇടക്കാല ഉത്തരവ് ആവശ്യമെങ്കിൽ അന്ന് പുറപ്പെടുവിക്കുമെന്നും കോടതി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

**കസ്തൂരിരംഗൻ – (ഇൻട്രോ)**

ഐ എസ് ആർ ഒ മുൻ ചെയർമാനും ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ശിൽപിയുമായിരുന്ന കെ. കസ്തൂരിരംഗൻ ബംഗളൂരുവിൽ അന്തരിച്ചു. 84 വയസ്സായിരുന്നു. ഐ എസ് ആർ ഒ യ്ക്ക് 9 വർഷക്കാലത്തോളം നേതൃത്വം വഹിച്ചിരുന്ന അദ്ദേഹം രാജ്യത്തിന്റെ സുപ്രധാന വിക്ഷേപണ വാഹനമായ PSLV വികസിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിച്ചിരുന്നു. 2003 മുതൽ 2009 വരെ രാജ്യസഭാംഗമായിട്ടുണ്ട്. പത്മശ്രീ, പത്മ ഭൂഷൺ, പത്മ വിഭൂഷൺ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ നൽകി രാജ്യം അദ്ദേഹത്തെ ആദരിച്ചിരുന്നു. കെ. കസ്തൂരിരംഗന്റെ മരണത്തിൽ രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, കേന്ദ്രമന്ത്രിമാർ, കേരള ഗവർണർ, മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.

RNU TVPM

ഭൗതികദേഹം ഞായറാഴ്ച രാവിലെ 10 മണി മുതൽ ബംഗുളൂരുവിൽ പൊതുദർശനത്തിന് വെയ്ക്കും. കെ. കസ്തൂരി രംഗനെക്കുറിച്ചുള്ള ഓർമകൾ വി.എസ്.എസ്.സി മുൻ ഡയറക്ടർ എം.സി ദത്തൻ പങ്കുവയ്ക്കുന്നു.

(ഹോൾഡ്)

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

**ഐടി പാർക്ക്-മദ്യം**

സംസ്ഥാനത്ത് ഐ ടി പാർക്കുകളിൽ മദ്യം വിളമ്പാനുള്ള അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കി. സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന ഐടി പാർക്കുകൾക്കും സ്വകാര്യ ഐടി പാർക്കുകൾക്കും ലൈസൻസിന് അപേക്ഷിക്കാം. വാർഷിക ലൈസൻസിനായി പത്ത് ലക്ഷം രൂപയാണ് അടയ്ക്കേണ്ടത്. ഐടി കമ്പനികളുടെ ഔദ്യോഗിക സന്ദർശകർക്കും അതിഥികൾക്കും മദ്യം നൽകാൻ അനുമതി ഉണ്ടാകും. ഒരു സ്ഥാപനത്തിന് ഒരു ലൈസൻസ് മാത്രമേ അനുവദിക്കുകയുള്ളൂവെന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

RNU TVPM

&&&&&&&&&&&&&&&&&&&

## മുതലപ്പൊഴി മുറിച്ചു

മുതലപ്പൊഴിയിൽ, കഴിഞ്ഞ 10 ദിവസമായി മണൽ കൊണ്ട് മൂടിയ പൊഴി മുറിച്ചു. മണൽനീക്കം വേഗത്തിലാക്കുന്നതിനായി ഡ്രഡ്ജർ ഉൾപ്പെടെ ഇവിടെ എത്തിച്ചിരുന്നു. പൊഴി അടഞ്ഞതോടെ വെള്ള ക്കെട്ടിലായ സമീപ പ്രദേശങ്ങളിൽ നിന്നും. രണ്ട് ദിവസത്തിനകം വെള്ളം ഇറങ്ങുമെന്ന് അധികൃതർ അറിയിച്ചു.

&&&&&&&&&&&&&&&&&&&

## കാട്ടാന-സംസ്കാരം

വയനാട് കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മേപ്പാടി എരുമക്കൊല്ലി സ്വദേശി അറുമുഖൻ്റെ മൃതദേഹം ഉച്ചയോടെ സംസ്കരിച്ചു . മേപ്പാടി പഞ്ചായത്ത് ഓഫിസിൽ വനംവകുപ്പ് അധികൃതരുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ സർവകക്ഷി യോഗവും ചേർന്നു. പ്രദേശത്ത് ഇറങ്ങി ഭീതി പരത്തുന്ന ആനയെ മയക്ക് വെടി വച്ച് പിടികൂടണമെന്ന് സർവ്വ കക്ഷിയോഗം ആവശ്യപ്പെട്ടു. കാട്ടാന ദൗത്യത്തിനായി ഉണ്ണികൃഷ്ണൻ, ഭരത് എന്നീ രണ്ട് കുങ്കിയാനകളെ എത്തിച്ച് തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&&

## മലമ്പനി-വീണാജോർജ്ജ്

RNUTVPM

മലമ്പനി നിവാരണത്തിന് ഏകോപിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് മന്ത്രി വീണാ ജോർജ്. ലോക മലമ്പനി ദിനാചരണത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി. 2027-ഓടെ മലേറിയ നിവാരണം എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നതെന്നും ശ്രീമതി വീണ ജോർജ്ജ് പറഞ്ഞു.

&&&&&&&&&&&&&&&&&&&

**രാജീവ് ചന്ദ്രശേഖർ - കണ്ണൂർ**

എല്ലാവിഭാഗം ജനങ്ങൾക്ക് വേണ്ടിയുമുള്ള പദ്ധതികളാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി നടപ്പാക്കുന്നതെന്ന് ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ . കേന്ദ്ര പദ്ധതികൾ തങ്ങളുടെതെന്ന നിലയിൽ പ്രചാരണം നടത്താനാണ് കേരള സർക്കാർ ശ്രമിക്കുന്നതെന്നും അദ്ദേഹം ആരോപിച്ചു. വികസിത കേരളം കണ്ണൂർ സൗത്ത് ജില്ലാ കൺവെൻഷൻ തലശ്ശേരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീ രാജീവ് ചന്ദ്രശേഖർ.

&&&&&&&&&&&&&&&&&&&

**പോപ്പ്**

RNU TVPM

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ വത്തിക്കാനിൽ നാളെ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.30 ഓടെ ആരംഭിക്കും. റോമിലെ സെൻ്റ് മേരി മേജർ ബസലിക്കയിലാണ് അദ്ദേഹത്തിന് അന്ത്യവിശ്രമം ഒരുക്കുന്നത്. രാഷ്ട്രപതി ദ്രൗപദി മുർമു ഉൾപ്പെടെയുള്ള ലോകനേതാക്കൾ സംസ്കാര ചടങ്ങിൽ പങ്കെടുക്കും.

കേന്ദ്രമന്ത്രിമാരായ കിരൺ റിജിജു, ജോർജ്ജ് കുര്യൻ, സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് മന്ത്രി റോഷി അഗസ്റ്റിൻ എന്നിവരും സംസ്കാര ചടങ്ങിൽ പങ്കെടുക്കുന്നുണ്ട്. സെൻ്റ് പീറ്റേഴ്സ് ബസലിക്കയിൽ നടക്കുന്ന പൊതുദർശനത്തിൽ പോപ്പിന് അന്ത്യാദരം അർപ്പിക്കാൻ പതിനായിരങ്ങളാണ് എത്തിച്ചേരുന്നത്. സംസ്കാര ചടങ്ങിനോടനുബന്ധിച്ച് ഇന്ത്യയിൽ നാളെ ദുഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ആകാശവാണി - സമാപനം

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികാഘോഷങ്ങളുടെ സമാപനം തിങ്കളാഴ്ച വൈകുന്നേരം മൂന്ന് മണി മുതൽ തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടക്കും. പ്രശസ്ത ചലച്ചിത്ര സംവിധായകനും , ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി ഉദ്ഘാടനം നിർവഹിക്കും. ആൻറണി രാജു എംഎൽ എ ചടങ്ങിൽ

RNU TVPM

അധ്യക്ഷത വഹിക്കും. മാധ്യമ ചർച്ച, വൃന്ദവാദ്യം, സംഗീതസന്ധ്യ എന്നിവ ഇതിൻറെ ഭാഗമായി നടക്കും.

&&&&&&&&&&&&&&&&&&

**കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം -INTRO**

"ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കലുമായി ബന്ധപ്പെട്ട ദേശീയ സമ്മേളനം എൻഐടി കാലിക്കറ്റ് വെസ്റ്റ് കാമ്പസിൽ ആരംഭിച്ചു. പ്രൊഫ. അനിൽ ഡി സഹസ്രബുദ്ധ, ഉദ്ഘാടനം നിർവഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് പ്രതിനിധി നസീർബാബു...............

RNU TVPM

(വോയിസ്)

&&&&&&&&&&&&&&&&&&

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സ് ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദിനെ നേരിടും. രാത്രി 7.30 ന് ചെന്നൈയിലാണ് മത്സരം.

&&&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാവകുപ്പ്. ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്നും, നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&
&&
&

RNUTVPM